# മൈത്രി

## അക്കാദമിക മാസ്റ്റർ പ്ലാൻ

### സി എൻ എൻ ജി എച്ച് എസ്, ചേർപ്പ്

### 2025-26

# ആമുഖം

ചേർപ്പ് ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന സി എൻ എൻ ജി എച്ച് എസ് 1916ലാണ് സ്ഥാപിതമായത്. അന്നത്തെ കാലത്ത് അതുവരെ ചേർപ്പുകാർക്ക് വിദ്യാഭ്യാസത്തിനായി തൃശ്ശൂരോ ഒല്ലൂരോ പോകേണ്ട സ്ഥിതിവിശേഷമായിരുന്നു. കുട്ടികളുടേയും, രക്ഷിതാക്കളുടെയും ഈ ബുദ്ധിമുട്ട് കണ്ടറിഞ്ഞ ചിറ്റൂരുമനക്കൽ ബ്രഹ്മശ്രീ നാരായണൻ നമ്പൂതിരിപ്പാട് പെരുവനത്തിന്റെ ഹൃദയഭാഗത്ത് ഒരു വിദ്യാലയം തുടങ്ങുവാൻ തീരുമാനിക്കുകയായിരുന്നു. കുറുപ്പത്ത് കൃഷ്ണമേനോനായിരുന്നു ആദ്യത്തെ പ്രധാനാദ്ധ്യാപകൻ. തുടക്കത്തിൽ ആറ് ക്ലാസ്സുകളായി ആരംഭിച്ച ഈ വിദ്യാലയത്തിലേക്ക് പിന്നീട് കുട്ടികൾ വന്ന് നിറയുന്ന കാഴ്ചയാണ് ചേർപ്പുകാർ കണ്ടത്. വിദ്യാലയങ്ങൾ കാര്യക്ഷമമായ ഭരണനിർവ്വഹണത്തിനായി ആൺകുട്ടികളുടേതും, പെൺകുട്ടികളുടേതുമായി രണ്ടായി വിഭജിച്ചു. നാരായണൻ നമ്പൂതിരിപ്പാടിനു ശേഷം, ചിറ്റൂർ കുഞ്ഞൻ നമ്പൂതിരിപ്പാടും, തുടർന്ന് ശങ്കരൻ നമ്പൂതിരിപ്പാടും വിദ്യാലയത്തിന്റെ മാനേജർമാരായിരുന്നു. 1985 ൽ വിദ്യാലയം സഞ്ജീവനി സമിതി ഏറ്റെടുത്തു. ലോകത്തിന്റെ സമസ്ത കോണിലും, സർവ്വ മേഖലയിലും സി എൻ എൻ വിദ്യാലയങ്ങളിലെ വിദ്യാർത്ഥി പരമ്പരകൾ തലയെടുപ്പോടുകൂടി സേവനമനുഷ്ഠിക്കുന്നുണ്ട്. ശതാബ്ദി നിറവിൽ നിൽക്കുന്ന ഈ വിദ്യാലയത്തിന പൂർവ്വ അദ്ധ്യാപകരായും, പൂർവ്വ വിദ്യാർത്ഥികളായും നിരവധി പ്രമുഖ വ്യക്തികളുണ്ട്. വിപുലവും ക്രിയാത്മകവുമായ ചിന്തകളാൽ ഈ വിദ്യാലയം എല്ലാ മേഖലകളിലും വികസിച്ചു വരുന്നു.

## വിദ്യാലയത്തിന്റെ സ്ഥിതിവിവരകണക്ക്.

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | സി എൻ എൻ ജി എച്ച് എസ് ചേർപ്പ് |
| വിലാസം | സി.എൻ.എൻ ജി എച്ച് എസ് ചേർപ്പ് പി.ഒ പിൻ : 680561 |
| ഫോൺ നമ്പർ | 04872347888 |
| ഇ മെയിൽ | cnnghscherpu@gmail.com |
| സ്കൂൾ കോഡ് | 22003 |
| ആൺകുട്ടികൾ/പെൺകുട്ടികൾയ രണ്ടും കൂടിയുള്ളത് | പെൺകുട്ടികൾ |
| സർക്കാർ/ എയ്ഡഡ്/അൺഎയ്ഡഡ് | എയ്ഡഡ് |
| ക്ലാസ | ആരംഭം 5 അവസാനം 10 |
| വിദ്യാഭ്യാസ ഉപജില്ല | ചേർപ്പ് |
| വിദ്യാഭ്യാസ ജില്ല | തൃശ്ശൂർ |
| സ്കൂൾ സ്ഥാപിച്ച വർഷം | 1916 |
| അസംബ്ലി നിയോകമണ്ഡലം | നാട്ടിക |
| പാർലമെന്റ് നിയോജകമണ്ഡലം | തൃശ്ശൂർ |
| റൂറൽ/അർബൻ | റൂറൽ |
| ബ്ലോക്ക് | ചേർപ്പ് |
| താലൂക്ക് | ചേർപ്പ് |
| പഞ്ചായത്ത്/കോർപ്പറേഷൻ/മുൻസിപ്പാലിറ്റി | ചേർപ്പ് |

## വിദ്യാർത്ഥികളുടെ ഭാഷാടിസ്ഥാനത്തിലുള്ള സ്ഥിതിവിവരകണക്ക്

| ക്രമ നമ്പർ | ക്ലാസ്സ് | മലയാളം മീഡിയം | ഇംഗ്ലീഷ് മീഡിയം | ആകെ |
|---|---|---|---|---|
| 1 | 5 | 27 | 196 | 223 |
| 2 | 6 | 27 | 184 | 211 |
| 3 | 7 | 27 | 184 | 211 |
| 4 | 8 | 42 | 209 | 249 |
| 5 | 9 | 51 | 223 | 274 |
| 6 | 10 | 37 | 216 | 253 |

## അദ്ധ്യാപകരുടെ സ്ഥിതിവിവരകണക്ക്

| **വിഭാഗം** | **അദ്ധ്യാപകരുടെ എണ്ണം** |
|---|---|
| യു പി | 24 (Gents-2, Ladies-22) |
| ഹൈസ്കൂൾ | 27+1 (Gents- 9, Ladies - 19) |
| ആകെ | 52 |

## അനദ്ധ്യാപകരുടെ സ്ഥിതിവിവരകണക്കുകൾ

| | |
|---|---|
| അനദ്ധ്യാപകർ | 5 (Gents-2, Ladies-3) |

## അക്കാദമിക നേട്ടങ്ങൾ

- 2024-25 അധ്യായന വർഷത്തിൽ 20 പേർക്ക് NMMS സ്കോളർഷിപ്പ്.
- USS സ്കോളർഷിപ്പ് 48 പേർക്ക്. അതിൽ 3 പേർ Gifted Students. സബ്ജില്ലയിൽ ഒന്നാംസ്ഥാനം.
- സംസ്കൃതം സ്കോളർഷിപ്പ് 6 പേർക്ക്
- SSLC പരീക്ഷയിൽ 100% വിജയം 74 Full A+

| വർഷം | പരീക്ഷ എഴുതിയ കുട്ടികളുടെ എണ്ണം | എ പ്ലസ് എണ്ണം |
|---|---|---|
| 2014 മാർച്ച് | 174 | 5 |
| 2015 മാർച്ച് | 201 | 11 |
| 2016 മാർച്ച് | 220 | 25 |
| 2017 മാർച്ച് | 208 | 21 |
| 2018 മാർച്ച് | 203 | 42 |
| 2019 മാർച്ച് | 225 | 44 |
| 2020 മാർച്ച് | 208 | 47 |
| 2021 മാർച്ച് | 232 | 143 |
| 2022 മാർച്ച് | 254 | 67 |
| 2023 മാർച്ച് | 219 | 86 |
| 2024 മാർച്ച് | 227 | 89 |
| 2025 മാർച്ച് | 227 | 74 |

# നേട്ടങ്ങൾ വിഷയാടിസ്ഥാനത്തിൽ

## മലയാളം

UP നാടകം ഒന്നാംസ്ഥാനം

UP കവിതാരചന ഒന്നാംസ്ഥാനം

HS കഥാരചന രണ്ടാംസ്ഥാനം

HS പുസ്തകാസ്വാദനം ഒന്നാംസ്ഥാനം

വിദ്യാരംഗം കലാസാഹിത്യവേദി ചേർപ്പ് ഉപജില്ല സാഹിത്യ സെമിനാർ മൂന്നാംസ്ഥാനം

## ഇംഗ്ലീഷ്

സ്കിറ്റ് ജില്ലാതലം എ ഗ്രേഡ്

ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഭാഷാനൈപുണിവികസനത്തിനു വേണ്ടി ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന പ്രൊജക്ട് ജില്ലാതലത്തിൽ അവതരിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തു.

## അറബി

UP അലിഫ് ടാലന്റ് എക്സാം സബ്ജില്ല ഒന്നാംസ്ഥാനം

HS അലിഫ് ടാലന്റ് എക്സാം സബ്ജില്ല മൂന്നാംസ്ഥാനം

## സംസ്കൃതം

ഉപജില്ലാ കലോത്സവത്തിൽ സംസ്കൃതം ഓവർ ഓൾ മൂന്നാംസ്ഥാനം

സംസ്ഥാനതലത്തിൽ അക്ഷരശ്ലോകം, അഷ്ടപദി, ഗാനാലാപനം എന്നിവയിൽ എ ഗ്രേഡ്.

സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയിൽ 10 പേർക്ക് വിജയം

**സയൻസ്**

സബ്ജില്ല ഓവർ ഓൾ രണ്ടാംസ്ഥാനം

HS Still Model ജില്ലാതലം മൂന്നാംസ്ഥാനം

സ്കൂൾ ഇന്നോവേഷൻ മാരത്തോൺ ദേശീയതലത്തിൽ തിരഞ്ഞെടുത്ത മികച്ച 1000 ആശയങ്ങളിൽ ഒന്നായി നമ്മുടെ വിദ്യാലയ ത്തിലെ കുട്ടികൾ സമർപ്പിച്ച ആശയം തിരഞ്ഞെടുക്കപ്പെട്ടു.

**ഗണിതം**

| | | |
|---|---|---|
| UP | ശാസ്ത്രമേള ഉപജില്ല | മൂന്നാംസ്ഥാനം |
| | Still Model | രണ്ടാം സ്ഥാനം |
| | Games | മൂന്നാംസ്ഥാനം |
| | ഭാസ്കരാചാര്യ സെമിനാർ | രണ്ടാംസ്ഥാനം |
| | Mats Quiz | രണ്ടാംസ്ഥാനം |
| | Talent Search Exam | രണ്ടാംസ്ഥാനം |
| HS | working model | ജില്ലാതലം |
| | Group project | ജില്ലാതലം |
| | Ramanujan paper presentation | ജില്ലാതലം |

**ഐ സി ടി**

സബ്ജില്ല ഓവറോൾ മൂന്നാംസ്ഥാനം

അനിമേഷൻ ജില്ലാതലം

മലയാളം ടൈപ്പിങ്ങ് ജില്ലാതലം

ഡിജിറ്റൽ പെയിന്റിംഗ് ജില്ലാതലം

## ലിറ്റിൽ കൈറ്റ്സ്

2 കുട്ടികൾ ജില്ലാക്യാമ്പിൽ പങ്കെടുത്തു.

## കായികം

CNNGHS മൂന്നുകായികതാരങ്ങളെ ദേശീയതലത്തിലേക്കും ഒരാളെ അന്തർദേശീയ തലത്തിലേക്കും സംഭാവന ചെയ്തു. ദേശീയ ബീച്ച് കബഡി, ദേശീയ സോഫ്ട്ബോൾ, ദേശീയ കബഡി എന്നിവയിലേക്കാണ് കുട്ടികൾ തെരഞ്ഞെടുക്കപ്പെട്ടത്. ഇതിൽ ഒരു കുട്ടി അഞ്ച് ദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് ഇന്ത്യൻ ക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

ചേർപ്പ് സബ്ജില്ല അത്‌ലറ്റിക് പെൺകുട്ടികളുടെ വിഭാഗത്തിൽ നാലാം തവണയും ഓവറോൾ ചാമ്പ്യൻ 2 കുട്ടികൾ ഇൻഡിവി ജ്വൽ ചാമ്പ്യന്മാരായി.

കബഡി ജൂനിയർ ഒന്നാം സ്ഥാനം

കബഡിയിൽ 12 കുട്ടികൾ ജില്ലാതല സബ്ജൂനിയർ ഒന്നാംസ്ഥാനം കരസ്ഥമാക്കി.

കിഡ്സ് അത്‌ലറ്റിക്സ് ഒന്നാംസ്ഥാനം

## കല

സബ്ജില്ലയിൽ നടന്ന 260 ഓളം മത്സരയിനങ്ങളിൽ 74 ഫസ്റ്റ് എഗ്രേഡും 125 എ ഗ്രേഡും നേടി. ജിലസ്ലാതലത്തിൽ UP വിഭാഗ ത്തിൽ 12 ഇനങ്ങളിലും HS വിഭാഗത്തിൽ 8 ഇനങ്ങളിലും ഫസ്റ്റ് എ ഗ്രേഡ് നേടി. തിരുവനന്തപുരത്ത് വച്ച് 63-ാം സംസ്ഥാന സ്കൂൾ കലോത്സവത്തിൽ സ്വർണക്കപ്പ് കരസ്ഥമാക്കിയ തൃശൂർ ജില്ലയുടെ പോയന്റ് പട്ടികയിൽ 20 പോയന്റ് നമ്മുടെ വിദ്യാലയ ത്തിന്റേതായിരുന്നു.

## പ്രവൃത്തിപരിചയം

സംസ്ഥാനപ്രവൃത്തി പരിചയമേളയിൽ കൊത്തുപണിയിലും എംബ്രോയിഡറിയിലും എ ഗ്രേഡ്.

കർമ്മശേഷിയുള്ള അദ്ധ്യാപകരുടെ ആത്മാർത്ഥമായ പരിശ്രമം കൊണ്ടും സേവനതൽപരരായ മാനേജ്മെന്റിന്റെ അകമഴിഞ്ഞ പ്രോത്സാഹനംകൊണ്ടും സർവ്വോപരി സർഗ്ഗധനരായ വിദ്യാർത്ഥിനികളുടെ സജീവമായ പങ്കാളിത്തംകൊണ്ടും സമകാലിക സാഹചര്യങ്ങളെ അതിജീവിച്ചുകൊണ്ട് മികവിലെക്ക് ഉയരുവാനുള്ള ശ്രമത്തിനിടയിൽ പരിമിതികളും വിദ്യാലയം നേരിടുന്നുണ്ട്.

2022 ജൂൺ മാസത്തിൽ വിദ്യാലയം അത്യാധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. അതിനാൽ ഭൗതിക സാഹചര്യം വളരെ നല്ല രീതിയിൽ വിദ്യാലയത്തിന നിലവിലുണ്ട്.

അദ്ധ്യാപകരുടെ അർപ്പണബോധവും , വിദ്യാലയ സാരഥ്യവൈഭവവും, മാനേജ്മെന്റിന്റെ കൃത്യമായ പിന്തുണയും പി ടി എ, പി ടി എ സംഘത്തിന്റെ കൈതാങ്ങും വിദ്യാലയത്തിന അനുഗ്രഹമായി നിൽക്കുന്നു. വിദ്യാലയം എന്ന നാല് ക്ലാസ്സ് മുറി എന്നതിനുമപ്പുറം വിദ്യാർത്ഥികളുടെയും, രക്ഷിതാക്കളുടെയും ഹൃദയത്തിലാണ് നിലകൊള്ളേണ്ടത് എന്ന തിരിച്ചറിവ് സി എൻ എൻ വിദ്യാലയങ്ങളുടെ വളർച്ചയ്ക്ക് മുതൽക്കൂട്ടായി നിൽക്കുന്നു.

# സമഗ്ര വിദ്യാഭ്യാസ വികസനപദ്ധതി- ലക്ഷ്യങ്ങൾ ഉദ്ദേശ്യങ്ങൾ

**ദർശനം**

കേളത്തിൽ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സംജാതമാവുന്നു.

**<u>ലക്ഷ്യങ്ങൾ</u>**

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദകരമാക്കുന്നു.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ-കായിക പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- വിദ്യാലയത്തിലെ പഠന പിന്തുണസംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- സുസ്ഥിരവികസന കാഴ്ച്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ, ഉദ്യാനം, മൈതാനം .) എന്നിവ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു.
- ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
- വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ഓരോ വിദ്യാർത്ഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്നതരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

# ആസൂത്രണം

- 2026 മാർച്ച് SSLC പരീക്ഷയിൽ 100% വിജയത്തിനും 100 Full A+ നും വേണ്ടി ജൂൺ മാസം മുതൽ പരിശീലനം നൽകാൻ തീരുമാനിച്ചു.

- 5 മുതൽ 9 വരെയുള്ള ക്ലാസുകളിൽ പഠനത്തിൽ വളരെ പുറകിൽ നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവരെ മുഖ്യധാരയിലേക്കെത്തിക്കാൻ മൂന്നുമാസത്തെ പരിശീലനം നൽകാൻ തീരുമാനിച്ചു.

- ഇംഗ്ലീഷ് ഭാഷാ പരിപോഷണത്തിന്റെ ഭാഗമായി Let's Speak English എന്ന പ്രൊജക്ടിന് തുടക്കം കുറിച്ചു.

- കുട്ടികളിൽ ശാസ്ത്രാഭിമുഖ്യം വളർത്തുന്നതിനായി എല്ലാ വെള്ളിയാഴ്ചകളിലും ശാസ്ത്രജ്ഞരുടെ സംഭാവനകളെ പരിചയപ്പെടുത്തുന്നതിനും ശാസ്ത്രപരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും തീരുമാനിച്ചു. വിജ്ഞാൻസാഗറിലേക്ക് പഠനയാത്ര നടത്താൻ തീരുമാനിച്ചു.

- ഗണിതത്തിലെ പഠനപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി കുട്ടികളെ കണ്ടെത്തി വർക്ക്ഷീറ്റുകൾ ചെയ്യിക്കാൻ തീരുമാനിച്ചു.

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കുക<br>8. ചിത്രം-അടിക്കുറിപ്പ്<br>9. ചിത്രം-കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം (ആഗസ്റ്റ്, സെപ്തംബർ) | പുസ്തകങ്ങൾ<br>ചിത്രങ്ങൾ | പി.ടി.എ അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>13. ആസ്വാദകരമായ വായന<br>14. ഇ-വായന | 6 മാസം | ക്ലാസ് ലൈബ്രറി,<br>സ്കൂൾ ലൈബ്രറി,<br>പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ,<br>ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ അധ്യാപകർ |

| | | | | |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി ടി എ , അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക | 6 മാസം, (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

# <u>English</u>

| AIM | ACTIVITIES | PERIOD OF TIME | RESPONSIBILITY | FINANCIAL SUPPORT |
|---|---|---|---|---|
| To speak English language confidently | English Assembly<br>Spoken English Class<br>English Story ime | Working days<br>Zero period | Tr in charge | Nil |
| Presentation in English language | Role play/Seminar<br>Profile and Script Writing | Class hour | Tr in charge | Nil |
| To read and write in English language | Short Story Writing<br>English Verification<br>Newspaper Extempore<br>Diary Entry<br>Spelling Games | Class hour | Tr in charge | PTA Management |
| To improve speaking skills/vocabulary | Dramatization- English Skit based on the lessons studied<br>English Extempore<br>English Recitation | Arts Fest, School Annual Day | Trs & PTA | PTA Management |
| Using Technology to develop their ability in spoken English language | Film Show | Once in a year | Trs & PTA | PTA Management |
| Creative Work | ANTI DRUG DAY- PLACARD<br>WOLD ENVIRONMENT DAY POSTER | June | teachers in charge | PTA Management |
| Speaking Writing Skill | JAM<br>MAGAZINE | July | Teachers Incharge | PTA Management |
| Reading and writing skill | Essay Writing Competition<br>Spell Bee | August | Teachers Incharge | PTA Management |

| | | | | |
|---|---|---|---|---|
| Creative, Speaking and writing skill | Recetation<br>Poem Writing<br>Essay Writing | September | teachers Incharge | PTA Management |
| Speaking and performing skill | Jam<br>Solliloquy<br>Spot Selling | October | Teachers In charge | PTA Management |
| Reading, speaking and performing skills | News Desk<br>Story Telling<br>Declamation | November | Teachers In charge | PTA Management |
| Performance | Exhibition – Famous Writers | December | Teachers In Charge | PTA Management |
| Total performance | English Fest – First weak | January | Teachers In charge | PTA Management |
| Creativity | English Skit | February | Teachers In charge | PTA Management |

# <u>ഹിന്ദി</u>

**<u>പൊതുവായ ലക്ഷ്യങ്ങൾ</u>**

- ✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ✓ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ✓ ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ✓ ഹിന്ദി ഭാഷാ  പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കൂ.
- ✓ ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ഹ്രസ്വം<br>ജൂൺ-ജൂലൈ<br>മധ്യകാലം<br>ഓഗസ്റ്റ്-സെപ്തംബർ |
| ആഴ്ച്ചയുടെ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു | ക്ലാസ്സിലെ ഓരോ വിദ്യാർഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | ഡിസംബർ-ജനുവരി |
| ഹിന്ദി അനായാസം എഴുതുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | |

| | | |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു<br>ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു | ഹ്രസ്വം<br>ജൂൺ-ജൂലൈ |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു.<br>ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു, അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതു ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം<br>ഓഗസ്റ്റ്-സെപ്തംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം<br>ഡിസംബർ-നവംബർ |
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു.<br>കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു. സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു.<br>ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്രകുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം<br>നവംബർ<br>ജനുവരി |

# അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷാ പിന്നോക്കാവസ്ഥ പരിഹരിച്ച് അറബി അക്ഷരങ്ങളെക്കുറിച്ച് അറിവുള്ളവരാക്കുക | അറബിയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തൽ . അവരുടെ പഠനനിലവാരം തിട്ടപ്പെടുത്തൽ. തുടർന്ന് കുട്ടികൾക്ക് വിവിധ തുടർപ്രവർത്തനങ്ങൾ നൽകുന്നു. | ഹ്രസ്വകാലം | അറബി ടീച്ചർ | പി ടി എ |
| | വായിക്കുവാൻ ആവശ്യമായ പുസ്തകങ്ങൾ സംഘടിപ്പിക്കുന്നു ക്രമീകരിക്കുന്നു. | മധ്യകാലം | അറബി ടീച്ചർ<br>പി ടി എ | ഒ എസ് എ |
| | കമ്പ്യൂട്ടർ ലാബ്, ഇന്റർനെറ്റ് എന്നിവ അർത്ഥപൂർണ്ണമായി ഉപയോഗിച്ച് അറബി സാഹിത്യകാരന്മാരെ പരിചയപ്പെടുത്തുന്നതിലൂടെ അറബി പഠിക്കുന്നതിനുള്ള താല്പര്യം വർദ്ധിപ്പിക്കുക. | ദീർഘകാലം | അറബി ടീച്ചർ<br>പൂർവ്വ വിദ്യാർത്ഥികൾ<br>ബി ആർ സി<br>ആർ<br>എം എസ് എ | പി ടി എ<br>എ എസ് എ |
| | | | | |

# സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളുടെ ഭാഷാനൈപുണി വായനയിലൂടെ വർദ്ധിപ്പിക്കുക | വിവിധങ്ങളായ സംസ്കൃത പുസ്തകങ്ങൾ ലൈബ്രറിയിൽ എത്തിക്കുക | ദീർഘകാലം | അധ്യാപകർ<br>കുട്ടികൾ |
| സംസ്കൃത പഠന ശിബിരങ്ങൾ സംഘടിപ്പിക്കുക. അതിലൂടെ ഈ ഭാഷയിൽ ആശയവിനിമയം ചെയ്യാനും ഭാഷാപ്രായോഗിക്കുന്നതിൽ ആത്മവിശ്വാസം വളർത്തിയെടുക്കുക | മാഗസിൻ നിർമ്മാണം, സിനിമാപ്രദർശനങ്ങൾ.<br>സംവാദങ്ങൾ<br>അഭിമുഖങ്ങൾ എന്നിവ സംഘടിപ്പിക്കുക<br><br>പ്രശ്നോത്തരികൾ സംഘടിപ്പിക്കുക<br><br>സ്കോളർഷിപ്പ് നേടുവാൻ വേണ്ട ക്ലാസ്സുകൾ നടത്തുക<br><br>പരീക്ഷകൾ നടത്തുക | ഹ്രസ്വകാലം<br><br>ഹ്രസ്വകാലം | അധ്യാപകർ<br>പി ടി എ<br>ഭാഷാവിദഗ്ധർ<br>അധ്യാപകർ |

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠനപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീടെസ്റ്റ്, സാമൂഹ്യശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ, ചിത്രങ്ങൾ, വീഡിയോ, ക്ലിപ്പുകൾ മുതലായവ നിരീക്ഷിച്ച് അഭിപ്രായങ്ങൾ അവതരിപ്പിക്കൽ നാടകങ്ങൾ ഗാനങ്ങൾ ലഘുവിവരണങ്ങൾ, മുതലായവയിലൂടെ അവർ നേടിയ അറിവുകളുടെ അവതരണം. പട്ടികകൾ കുറിപ്പുകൾ, ചിത്രരചനകൾ എന്നിവയിലൂടെ അവർ നേടിയ അറിവുകളുടെ വിവരണം തയ്യാറാക്കൽ | 2 മാസം<br>ഹ്രസ്വകാലം | പൂർവ്വ അധ്യാപകർ<br>വിദ്യാർത്ഥികൾ<br>രക്ഷിതാക്കൾ<br>മാനേജ്മെന്റ്<br>അധ്യാപകർ | ബി.ആർ.സി ഡയറ്റ്,<br>എസ് എസ് ഇ<br>ആർ ടി<br>പി ടി എ<br>എസ് ആർ ജി |
| കുട്ടികളെ അവരുടെ ക്ലാസ്സിലെ പാഠപുസ്തകങ്ങൾ വായിക്കാനും ഉത്തരങ്ങൾ കണ്ടെത്തുവാനും പ്രാപ്തരാക്കുക. മികച്ച സാമൂഹ്യശാസ്ത്രപഠിതാവായി വിദ്യാർത്ഥിയെ മാറ്റുക | പാഠഭാഗങ്ങൾ ഗ്രൂപ്പ്തലത്തിലും വ്യക്തിഗതമായും വായിച്ച് ആശയസ്വാംശീകരണം, ആശയസ്വീകരണം, ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ അനുബന്ധ പഠന സാമഗ്രികളുടെ ഉപയോഗപ്പെടുത്തൽ, ഡിജിറ്റൽ ക്ലാസ്സുകൾ, വർക്ക്ഷീറ്റുകൾ, ചർച്ചാകുറിപ്പുകൾ, വായനാകുറിപ്പുകൾ എന്നിവ എഴുതി അവതരിപ്പിക്കാൻ പ്രാപ്തരാക്കുക. ദിനാചരണങ്ങൾ, ആഘോഷങ്ങളും റിപ്പോർട്ട് അവതരണം, നാടകങ്ങൾ, സ്കിറ്റുകൾ എന്നിവയുടെ അവതരണം സാമൂഹ്യശാസ്ത്ര ലൈബ്രറി, ആധുനിക വിവരശേഖരണത്തിനായി അവയുടെ ഉപയോഗപ്പെടുത്തൽ, സെമിനാറുകൾ സംഘടിപ്പിക്കൽ, | 6 മാസം | പൂർവ്വ അധ്യാപക<br>വിദ്യാർത്ഥിനികൾ,<br>രക്ഷിതാക്കൾ<br>മാനേജ്മെന്റ്<br>അധ്യാപകർ | പൂർവ്വ അധ്യാപകർ<br>വിദ്യാർത്ഥിനികൾ<br>രക്ഷിതാക്കൾ<br>മാനേജ്മെന്റ്<br>അധ്യാപകർ |

| | | | | |
|---|---|---|---|---|
| | ഭൂപടവായന മോഡലുകളുടെ നിർമ്മാണം, ചാർട്ടുകൾ എന്നിവ തയ്യാറാക്കൽ | | | |
| കുട്ടികളിൽ സാമൂഹ്യ ശാസ്ത്ര അവബോധം വളർത്തുന്നതിന | ദിനാചരണങ്ങൾ, സെമിനാറുകൾ, ശില്പ ശാലകൾ, സ്കിറ്റുകൾ, ഹ്രസ്വചിത്രങ്ങൾ, നാടകാവതരണം | 6 മാസം | എസ് ആർ ജി<br>ഒ എസ് എ<br>ബി ആർ സി<br>അധ്യാപകർ<br>പി ടി എ | എസ് ആർ ജി<br>ഒ എസ് എ<br>അധ്യാപകർ<br>പി ടി എ |
| ഭൂമിയേയും ഭൂമിശാസ്ത്രപഠനത്തെക്കുറിച്ച് അിറവ് ലഭ്യമാക്കുന്നതിന | ഭൂപട വായന, സെമിനാറുകൾ, ശിൽപശാല, സ്കിറ്റുകൾ, ഹ്രസ്വകാല ചിത്രങ്ങൾ, നാടകാവതരണം, ആൽബം തയ്യാറാക്കൽ, അറ്റ്ലസ് നിർമ്മാണം, വിദഗ്ദരുടെ ക്ലാസ്സുകൾ | ദീർഘകാലം | എസ് ആർ ജി<br>ഒ എസ് എ<br>ബി ആർ സി<br>അധ്യാപകർ<br>പി ടി എ | എസ് ആർ ജി<br>ഒ എസ് എ<br>ബി ആർ സി<br>അധ്യാപകർ<br>പി ടി എ |
| സാമൂഹ്യ ശാസ്ത്ര ജ്ഞൻമാരെ സൃഷ്ടിക്കുന്നതിനായി സാമൂഹ്യ ശാസ്ത്ര ലാബ് | സാമൂഹ്യ ശാസ്ത്ര പഠനം നടത്തുന്നതിന ആധുനിക സൗകര്യങ്ങളോടുകൂടി സാമൂഹ്യ ശാസ്ത്രലാബ അടച്ചുറപ്പുള്ള മുറികൾ പ്രൊജക്ടർ, ഇ ബോർഡ് തുടങ്ങിയവ ലൈബ്രറി ചരിത്രം, ഭൂമിശാസ്ത്രം, പൊളിറ്റിക്കൽ സയൻസ്, സോഷ്യാളജി എന്നീ വിഷയങ്ങളുടെ പുസ്തകങ്ങളുടെ പുസ്തകങ്ങൾ അടങ്ങിയ അലമാര, ഡിജിറ്റൽ ലൈബ്രറി, ഭൂപടങ്ങൾ, വർക്കിംഗ് മോഡലുകൾ, സാറ്റിൽ സ്റ്റീരിയോ സ്രോപ്പ്, സ്റ്റീരിയോപെയർ | ദീർഘകാലം | എസ് ആർ ജി<br>ഒ എസ് എ<br>ബി ആർ സി<br>അധ്യാപകർ<br>പി ടി എ | എസ് ആർ ജി<br>ഒ എസ് എ<br>ബി ആർ സി<br>അധ്യാപകർ<br>പി ടി എ |

# സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **1) അത്ഭുത കണ്ണി ലൂടെ :** കൗതുകം, ജിജ്ഞാസ നിരീ ക്ഷണ പാടവം എന്നിവ പരിപോഷി പ്പിക്കുക | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടു ക്കുവാൻ അവസരം നൽകുന്നു മോഡലു കൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യ ങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാ പകർ | പി.ടി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്ക ളുടെ പ്രദർശനം | അക്കാദമിക വർഷം | സയൻസ് അധ്യാ പകർ | |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാ പകർ | |
| **2) ശാസ്ത്രലോക ത്തേക്ക് :** നിരന്തര മായി മായി അന്വേ ഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാ നുള്ള ശേഷി നേടു കയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദിക ളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാ പകർ | പി.ടി.എ |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാ പകർ | സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| **3) ഹൈടെക് വേൾഡ്:** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ മാനേജ്മെന്റ് |
| | സയൻസ് ലാബ്, ഐ ടി ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | അക്കാദമിക വർഷം അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ മാനേജ്മെന്റ് |
| | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ മാനേജ്മെന്റ് |
| **4) ആയൂർരേഖ:** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കാൻ ഉള്ള സൗകര്യങ്ങൾ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ് , ഹരിതസേന സീഡ് | കൃഷി വകുപ്പ് , ഹരിതസേന സീഡ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| 5) വൈജ്ഞാനിക ബഹിർസ്ഫുരണം: അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം 1 തവണ | അക്കാദമിക വർഷം | മാനേജ്മെന്റ് |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പഠന പിന്നോക്കാവസ്ഥ പരി ഹരിക്കൽ | പ്രീ ടെസ്റ്റ് നടത്തുന്നു.<br>വർക്ക് ഷീറ്റ് ചെയ്യിക്കുന്നു | 3 മാസം | ഗണിതാധ്യാപകർ<br>ക്ലബ്ബ് അംഗങ്ങൾ<br>ക്ലാസ്സ് ടീച്ചർ |
| ഗണിതത്തിലെ പ്രതിഭകളെ കണ്ടെത്തൽ | ഓരോ ക്ലാസ്സിലും ഗണിതകൂട്ടായ്മ പസിലുകൾ, ഗെയിമു കൾ, ഗണിതലാബ് | 1 വർഷം | ഗണിതാധ്യാപകർ<br>രക്ഷിതാക്കൾ<br>ക്ലബ്ബ് അംഗങ്ങൾ |
| ഗണിത ലാബ് ലൈബ്രറി | ഗണിത പുസ്തകങ്ങൾ ശേഖരിക്കുന്നു. ഗണിതമാതൃക കൾ സംഘടിപ്പിക്കുന്നു. നമ്പർ ചാർട്ട് , ജോമട്രിക്കൽ ചാർട്ട് ഇവ ശേഖരിക്കുന്നു. | 5 വർഷം | പൂർവ്വ വിദ്യാർത്ഥി കൾ<br>അധ്യാപകർ<br>വിദ്യാർത്ഥികൾ |
| ക്ലബ്ബ് പ്രവർത്തനങ്ങൾ | ഗണിത പൂക്കളം<br>ഗണിത മാഗസിൻ<br>മെഗാ ക്വിസ്<br>സെമിനാർ<br>ടാലന്റ് സെർച്ച് എക്സാം<br>ദേശീയ പതാക നിർമ്മാണം | 1 വർഷം | ഗണിതാധ്യാപകർ<br>ഗണിത ക്ലബ്ബ്<br>അംഗങ്ങൾ |

# കല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ദേശീയ ബോധം വളർത്തൽ | ദേശീയഗാനം, വന്ദേമാതരം, മറ്റു ദേശീയ പ്രാധാന്യമുള്ള ഗാനങ്ങൾ എന്നിവയിൽ അവഗാഹം ഉണ്ടാക്കൽ, പാടിപ്പിക്കൽ | ജൂൺ, ജൂലൈ മാസങ്ങൾ | സംഗീതാദ്ധ്യാപകൻ | പ്രത്യേകം ആവ ശ്യമില്ല |
| കലോത്സവത്തിൽ മികച്ച പ്രകടനം കാഴ്ച്ചവെക്കൽ | വിവിധ കലാപരിപാടികളിൽ താല്പര്യമു ള്ള കുട്ടികളെ കണ്ടെത്തൽ പരിശീലനം നൽകൽ | ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങ ളിൽ ആഴ്ചയിൽ ഒരു ദിവസം | സംഗീതാദ്ധ്യാപകൻ | സ്കൂൾ ഫണ്ട് |
| കുട്ടികളിൽ സഭാ കമ്പം ഇല്ലാതാക്കൽ, ആത്മവിശ്വാസം വളർത്തൽ | പ്രസംഗം, ഗൗനം, മിമിക്രി തുടങ്ങിയവ അവതരിപ്പിക്കുന്നതിന അവസരമൊരു ക്കൽ | എല്ലാ വെള്ളിയാ ഴ്ചയും ഉച്ചക്ക് 12.45 മുതൽ1.15 വരെ | സി.എൻ.എൻ വാൺ (എഫ് എം ചാനൽ പോലെ)<br>ക്ലാസ്സ് ടീച്ചർ<br>സ്കൂൾ ലീഡർ,<br>അദ്ധ്യാപകർ | പ്രത്യേക ഫണ്ട് ആവശ്യമില്ല. |
| സോഫ്റ്റ് വെയർ പ്രഗത്ഭ്യം വർദ്ധിപ്പി ക്കൽ | ഓഡിയോ വീഡിയോ വിഷ്വൽ വിഷയ ങ്ങൾ പരിചയപ്പെടുത്തൽ, എഡിറ്റിങ്ങ്, റെക്കോർഡിങ്ങ് എന്നിവയിൽ പ്രായോ ഗിക പരിജ്ഞാനം നൽകൽ | മാസത്തിൽ ഒന്നോ രണ്ടോ ക്ലാസ്സ് | ഐ ടി വിദഗ്ദൻ, ഐ ടി ചുമതല യുള്ള അധ്യാപകൻ | പി ടി എ സഹായം എ ടി @ സ്കൂൾ |
| വ്യത്യസ്ത കലകളുടെ ശാസ്ത്രീയ പഠനം, വൈദഗ്ധ്യം നേടൽ | തെരഞ്ഞെടുത്ത് കുട്ടികളെ അവർക്ക് താല്പര്യമുള്ള പ്രത്യേക കലകൾ അഭ്യ സിപ്പിക്കൽ, വിവിധ കലാരൂപങ്ങളുടെ പ്രദർശനം, ഡെമോൺസ്ട്രേഷൻ, പ്രഗ ത്ഭരുടെ ക്ലാസ്സ്, സംശയ നിവാരണം, കേരള കലാമണ്ഡലം പോലുള്ള സ്ഥാപ നങ്ങൾ സന്ദർശിക്കൽ. | ജൂൺ മുതൽ ഡിസംബർ വരെ മാസ്തതിൽ | പ്രധാനാധ്യാപിക സീനിയർ അദ്ധ്യാ പിക | പി ടി എ ഫണ്ട് സ്പോൺസർഷ ിപ്പ് |

| | | | | |
|---|---|---|---|---|
| വിവിധ വാദ്യോപകര ണങ്ങളുടെ ആഭി മുഖ്യം വളർത്തുന്ന തിന് | വിവിധ വാദ്യോപകരണങ്ങൾ സംഭരി ക്കൽ, ചിട്ടയായ സജ്ജീകരണം, പ്രത്യേക മുറി സജ്ജീകരിക്കൽ, ഉപകരണ പരി ചയം | ദീർഘകാലാടി സ്ഥാനത്തിൽ | ആർട്സ് ക്ലബിന്റെ ചുമതലയുള്ള അദ്ധ്യാപകൻ | പി ടി എ ഫണ്ട് സ്പോൺസർഷി പ്പ് |
| കുട്ടികളിൽ പോസ റ്റീവ് എനർജി വർദ്ധി പ്പിക്കൽ, മാനസിക സംഘർശം ഇല്ലാതാ ക്കൽ | ധ്യാനം, യോഗ, കായിക പരിശീലനങ്ങൾ എന്നിവ ഏർപ്പെടുത്തൽ | എല്ലാ ദിവസവും അസംബ്ലിക്ക് ശേഷം | ആർട്സ് ക്ലബ് ചുമ തലയുള്ള അദ്ധ്യാപ കൻ | സ്കൂൾ ഫണ്ട്, പി ടി എ |

# കായികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശ കലനം |
|---|---|---|---|---|
| നാഷ്ണൽ ഒളിംമ്പിക് മെഡലുകൾ കരസ്ഥമാക്കുക | ശാസ്ത്രീയ പരിശീലനത്തിലൂടെ കായിക താരങ്ങളെ സൃഷ്ടിക്കുക, വിദ്യാലയത്തിന്റെയും നാടിന്റെയും അഭിമാനം ഉയർത്തുക | 8 വർഷം | പി ഇ ടി 2 | സ്പോർട്സ് ക്ലബ് |
| പാഠപുസ്തകത്തിലെ ഭാഗങ്ങൾ ഐ ടിയുടെ സഹായത്തോടെ വിശദമായി മനസ്സിലാക്കുന്നതിന സാധ്യമാക്കുന്ന, കായിക ചരിത്രം പഠിക്കുന്നതിന ലൈബ്രറി കളക്ഷനുകൾ ലഭ്യമാക്കുക | ലൈബ്രറിയിലൂടെ അറിവ് നേടാൻ സാധിക്കുന്നു. ഐ ടിയിലൂടെ പാഠപുസ്തകത്തിലെ കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കാൻ സാധിക്കുന്നു. | തുടർപഠനം | പി ഇ ടി 2 | ടീച്ചേഴ്സ് ആന്റ് മാനേജ്മെന്റ് സ്പോർട്സ് ക്ലബ് |
| സ്പോർട്സ് ഹോസ്റ്റൽ, ഫിറ്റ്നസ് സെന്റർ | കായിക പ്രവർത്തനങ്ങൾക്ക് കൂടുതൽ സമയം ലഭ്യമാക്കുന്നതിന സൗകര്യപ്രദമാക്കുക, കായിക ക്ഷമത വർദ്ധിപ്പിക്കുക | 12 വർഷം | പി ഇ ടി | സ്പോർട്സ് ക്ലബ്ബ് സ്പോൺസർഷിപ്പ് |
| ഇന്റോർ സ്റ്റേഡിയം | ചെസ്സ്, ടേബിൾ ടെന്നീസ്, കരോട്ടെ, ഷട്ടിൽ, ബാസ്ക്കറ്റ് ബോൾ തുടങ്ങിയ കളികൾക്ക് വേണ്ടി | 15 വർഷം | പി ഇ ടി മാനേജ്മെന്റ് | സ്പോർട്സ് ക്ലബ്ബ് |

# ലൈബ്രറി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളെ മലയാളത്തിലെ മികച്ച എല്ലാ പുസ്തകങ്ങളും പരിചയപ്പെടാനും, വായിക്കാനും പഠിക്കുന്നതിനും ഉള്ള സാഹചര്യം ഒരുക്കുക | വായിക്കുന്നതിനുള്ള പുസ്തകങ്ങൾ ആഴ്ച തോറും വിതരണം തചെയ്യുക, ചർച്ചകൾ സംഘടിപ്പിക്കുക. | ആഴ്ച്ചയിലൊരിക്കൽ | ക്ലാസ്സ് ടീച്ചർ | പി ടി എ<br>സ്പോൺസർഷിപ്പ് |
| വായനാശാല സജ്ജീകരണം | ഭാഷാനൈപുണി വായനയിലൂടെ എന്നത് സാക്ഷാത്കരിക്കുന്നതിനായി കഥ, കവിത, നോവൽ, നാടകം എന്നിവ ഉൾപ്പെടുന്ന പുസ്തകശേഖരണം നടത്തുക. | ദീർഘകാലം | ക്ലാസ്സ് ടീച്ചർ<br>വായനശാലയുടെ ചുമതലയുള്ള അധ്യാപകർ | സ്കൂൾ ഫണ്ട്<br>പി ടി എ |
| മലാള ഭാഷാഭിരുചി വർദ്ധിപ്പിക്കുക | കഥ, കവിത മുതലായവയുടെ ഓഡിയോ, വീഡിയോ പ്രദർശിപ്പിക്കുന്നു | മാസത്തിൽ ഒരു തവണ | മലയാളം ക്ലബ്ബ് | പി ടി എ |
| ഡിജിറ്റൽ ലൈബ്രറി നടപ്പിലാക്കുക | കമ്പ്യൂട്ടർ സഹായത്തോടെ പുസ്തകങ്ങൾ ശേഖരിച്ച് വേർതിരിച്ച് വായനക്കാർക്കായി നൽകുന്നു. | ദീർഘകാലം | വായനാശാല ചുമതലയുള്ള അധ്യാപകൻ | സ്പോൺസർഷിപ്പ്<br>ജില്ലാ പഞ്ചായത്ത് |
| പുസ്തകവായനക്ക് ഓരോ ക്ലാസ്സിനും നിശ്ചിത സമയം നൽകുക | സ്വന്തം അഭിരുചിക്കനുസരിച്ചുള്ള പുസ്തകങ്ങൾ തെരെഞ്ഞെടുത്ത് വായിക്കാൻ സമയം നൽകുക | ദീർഘകാലം | ക്ലാസ്സ് അധ്യാപിക | എസ് ആർ ജി<br>എസ് എസ് ജി<br>ലൈബ്രറി കൗൺസിൽ |
| വായന, ലേഖനം, ഭാഷണം എന്നിവയിക്ക് ഉചിതമായ പ്രാധാന്യം നൽകി എല്ലാ കുട്ടികൾക്കും അനുയോജ്യമായ പുസ്തകങ്ങൾ നൽകുക | വായനക്ക് ഉതകുന്ന പുസ്തകങ്ങൾ, സ്വന്തം രചനകളെ പരിപോഷിപ്പിക്കുന്ന പുസ്തകങ്ങൾ, പ്രസംഗകല പരിപോഷിപ്പിക്കുന്നതിനുള്ള പുസ്തകങ്ങൾ എന്നിവ കണ്ടെത്തി നൽകുക | മാസത്തിൽ ഒരു തവണ | ക്ലാസ്സ് അധ്യാപിക | വിവിധ ഡിപ്പാർട്ട്മെന്റ്-വായനശാല വിപുലീകരണത്തിനായി നൽകുന്ന ഫണ്ടുകൾ |

## പ്രവർത്തനങ്ങൾ

- സി എൻ എൻ ഗേൾസ് സ്കൂളിലെ ഓരോ വിഷയത്തിന്റേയും അടിസ്ഥാനത്തിൽ ക്ലബുകൾ രൂപീകരിക്കുകയും ക്ലബ് പ്രവർത്തനങ്ങൾ സക്രിയമായി നടത്തുകയും ചെയ്യുന്നു.
- ശാസ്ത്രമേള, കായികമേള, കലോത്സവം തുടങ്ങിയവയിൽ എല്ലാ കുട്ടികളുടെയും സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. മികച്ച കുട്ടികൾക്ക് തുടർപരിശീലനം നൽകുന്നു.
- ഗൈഡ്സ്, റെഡ്ക്രോസ്, ലിറ്റിൽകൈറ്റ്സ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നു വരുന്നു.
- സാഹിത്യാഭിരുചിയുള്ള കുട്ടികൾക്കായി വായനക്കൂട്ടം കുട്ടികളുടെ സർഗഭൂമി ചാനൽ എന്നിവ നിലവിലുണ്ട്.
- റോബോട്ടിക് ഫെസ്റ്റ്, ഇംഗ്ലീഷ് ഫെസ്റ്റ്, പഠനോത്സവം എന്നിവ മികച്ച രീതിയിൽ നടന്നുവരുന്നു.
- പിറന്നാൾ ദിനങ്ങളിൽ കുട്ടികളിൽ നിന്ന് സ്കൂൾലൈബ്രറിയിലേക്കുള്ള പുസ്തകങ്ങളും ഉച്ചഭക്ഷണശാലയിലേക്കുള്ള പച്ച ക്കറികളും സംഭാവനയായി സ്വീകരിക്കുന്നു.
- സ്കൂൾ വിട്ടതിനുശേഷം USS, NMMS സ്കോളർഷിപ്പ് പരീക്ഷകളുടെ തീവ്രപരിശീലനം നടന്നു വരുന്നു.
- കരാട്ടെ, തായ്ക്കോണ്ട, സ്കേറ്റിംഗ്, യോഗ, ടേബിൾടെന്നീസ്, യൊ യൊ, അത്‌ലറ്റിക്സ് തുടങ്ങിയവയിൽ കുട്ടികൾക്ക് പരി ശീലനം നൽകി വരുന്നു.
- അക്കാദമിക നിലവാരം ഉറപ്പുവരുത്തുന്നതിനായി ടേം പരീക്ഷ കൂടാതെ ഓരോമാസവും അസസ്മെന്റ് ടെസ്റ്റുകൾ നടത്തു ന്നു. അതിനുശേഷം രക്ഷിതാക്കളുടെ സഹകരണത്തോടെ പഠനപിന്തുണാപ്രവർത്തനങ്ങളും നടത്തുന്നു.
- കുട്ടികളുടെ ഗൃഹാന്തരീക്ഷം മനസ്സിലാക്കുന്നതിനും ആവശ്യമായ പിന്തുണ നൽകുന്നതിനും എല്ലാ അധ്യാപകരും ഗൃഹ സന്ദർശനം നടത്തുന്നു.
- അധ്യാപകരുടേയും രക്ഷാകർത്താക്കളുടേയും സഹകരണത്തോടെ ഓണം, ക്രിസ്തുമസ് എന്നിവ ഗംഭീരമായി ആഘോ ഷിച്ചു വരുന്നു.
- എല്ലാ വർഷവും കർക്കിടകമാസത്തിൽ ഔഷധക്കഞ്ഞി വിതരണം നടത്താറുണ്ട്.
- സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് എല്ലാ കുട്ടികളേയും ഉൾപ്പെടുത്തി ദേശഭക്തിഗാനമത്സരം നടത്തി വരുന്നു.

# ഉപസംഹാരം

സാംസ്കാരിക നിറവിൽ കേരളത്തിന അഭിമാനമായി തലയുയർത്തി നിൽക്കുന്ന ചേർപ്പിന്റെ തിലകക്കുറിയായ സി എൻ എൻ ഗേൾസ് ഹൈസ്കൂളിലെ അക്കാദമിക് പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും ഉചിതമായ പരിഗണന നൽകികൊണ്ട് കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും സമൂഹത്തിലേക്കിറങ്ങുന്ന ഭാവിതലമുറയെ സംസ്ക്കാരസമ്പന്നരായ് വാർത്തെടുക്കുന്നതിനും അതുവഴി മാതൃകാപൗരന്മാരാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുമെന്നുള്ള ദൃഢപ്രതിജ്ഞയോടെ ഞങ്ങൾ ഈ മാസ്റ്റർ പ്ലാൻ ഉപസംഹരിക്കുന്നു.